
User Guide for Subject Teachers


നോഡൽ അധ്യാപകരിൽ നിന്ന് (Nodal Teacher ലോഗിൻ) ലഭിക്കുന്ന യൂസർനെയിം, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് അധ്യാപകർക്ക് പോർട്ടലിൽ പ്രവേശിക്കാം (**സബ്ജക്ട് ടീച്ചർ ലോഗിൻ**). പ്രസ്തുത ലോഗിനിൽ അധ്യാപകർക്ക് തങ്ങളുടെ ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പരിശോധിക്കാനും പോർട്ടൽ ഉപയോഗിക്കുന്നതിനായി കുട്ടികൾക്ക് ലോഗിൻ സൗകര്യം ക്രമീകരിച്ചു നൽകാനും സാധിക്കും.

സബ്ജക്ട് ടീച്ചർ ലോഗിൻ

അധ്യാപക ലോഗിനിൽ പ്രവേശിക്കുന്നതിനായി https://mukulam.kite.kerala.gov.in/ ലോഗിൻ ചെയ്യുക.




ലോഗിൻ ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ തുറന്നുവരുന്ന ജാലകത്തിൽ ഡ്രോപ് ഡൗൺ മെനുവിൽ നിന്ന് 'Subject Teacher Login' തിരഞ്ഞെടുത്തതിന് ശേഷം യൂസർ നെയിം,



പാസ് കോഡ് എന്നിവ നൽകി ലോഗിൻ ചെയ്യുക . യൂസർ നെയിം ആയി PEN നമ്പറാണ് നൽകേണ്ടത്. ആദ്യമായി ലോഗിൻ ചെയ്ത് പാസ്വേഡ് റിസെറ്റ് ചെയ്യുക.


ലോഗിൻ ചെയ്ത് തുറന്നു വരുന്ന വിൻഡോയിൽ അധ്യാപകർക്ക് തങ്ങളുടെ ക്ലാസിലെ കുട്ടികളുടെ അതാത് വിഷയത്തിലെ പ്രകടനം നിരീക്ഷിക്കാനും വിലയിരുത്താനും സഹായിക്കുന്ന മൂന്ന് പ്രധാന ഡാഷ്ബോർഡ് സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്:

1. Student Management
2. Exam & Score entry
3. Class Room




1. Student Management :

ഓരോ സബ്ജക്ട് ടീച്ചറും കൈകാര്യം ചെയ്യുന്ന ക്ലാസുകളിലെ കുട്ടികളുടെ വിവരങ്ങളാണ് (Class, Stream, Batch അടിസ്ഥാനത്തിൽ) ഇതിൽ ലഭ്യമാകുന്നത്. പുതുതായി വരുന്ന



കുട്ടികൾ 'Not Registered' ലിസ്റ്റിൽ ആയിരിക്കും. Not Registered' ലിസ്റ്റിലുള്ള കുട്ടികൾക്കായി അധ്യാപകർ കോമൺ പാസ്‌വേഡ് ജനറേറ്റ് ചെയ്ത് നൽകുന്നു.

'Current Common Password'-ന് എതിരെയുള്ള Eye ബട്ടൺ ക്ലിക്ക് ചെയ്താൽ പാസ്‌വേഡ് ദൃശ്യമാകും. വിദ്യാർത്ഥികൾ ഈ പാസ്‌വേഡ് ഉപയോഗിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതോടെ ലിസ്റ്റിലെ സ്റ്റാറ്റസ് 'Registered' എന്ന് അപ്ഡേറ്റ് ചെയ്യപ്പെടും." കുട്ടികളുടെ പേരിന് നേരെ Action' മെനുവിൽ **സെറ്റിംഗ്സ് ബട്ടൺ** ക്ലിക്ക് ചെയ്യുമ്പോൾ തുറന്നു വരുന്ന പുതിയ വിൻഡോയിൽ താഴെ പറയുന്ന സൗകര്യങ്ങൾ ലഭ്യമാണ്:



- **Edit Student Details:** വിദ്യാർത്ഥികളുടെ അടിസ്ഥാന വിവരങ്ങളിലോ പ്രൊഫൈലിലോ മാറ്റങ്ങൾ വരുത്താൻ ഇത് ഉപയോഗിക്കാം.
- **Reset Password:** വിദ്യാർത്ഥികൾക്ക് പാസ്‌വേഡ് റിസെറ്റ് ചെയ്ത് നൽകാൻ
- **Block / Unblock Students:**

  വിദ്യാർത്ഥികളുടെ ലോഗിൻ അക്കൗണ്ടുകൾ താൽക്കാലികമായി ബ്ലോക്ക് ചെയ്യാനും പിന്നീട് അൺബ്ലോക്ക് ചെയ്യാനും
- **View Analytics :** വിദ്യാർത്ഥിയുടെ ലോഗിൻ വിവരങ്ങൾ, പഠന പുരോഗതി, പരീക്ഷാ പ്രകടനം തുടങ്ങിയ കാര്യങ്ങൾ വിലയിരുത്താൻ
- **Samagra Learning Room:** വിദ്യാർത്ഥിയുടെ പഠനമുറിയുമായി (Learning Room) ബന്ധപ്പെട്ട വിഭവങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കും നേരിട്ട് പ്രവേശിക്കാൻ ഈ ഓപ്ഷൻ സഹായിക്കുന്നു.

2. Exam & Score entry

ക്ലാസ് ടെസ്റ്റുകൾ , ടേം പരീക്ഷകൾ തുടങ്ങിയ വിവിധ തരം പരീക്ഷകൾ തയാറാക്കി അവയുടെ സ്കോറുകൾ രേഖപ്പെടുത്തി പ്രസിദ്ധീകരിക്കാൻ സഹായിക്കുന്ന സംവിധാനമാണിത്. ഓരോ വിദ്യാർത്ഥിയുടെയും ക്ലാസ്സിന്റെയും പരീക്ഷാ പ്രകടനവും മാർക്കുകളും വിലയിരുത്താം.

പരീക്ഷകളുടെ സ്കോറുകൾ കൃത്യമായി സിസ്റ്റത്തിലേക്ക് രേഖപ്പെടുത്താനും ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താനും സാധിക്കുന്നു. മൂല്യനിർണ്ണയം പൂർത്തിയായ ശേഷം പരീക്ഷാ ഫലങ്ങൾ പോർട്ടലിലൂടെ പ്രസിദ്ധീകരിക്കാൻ സഹായിക്കുന്നു.

പ്രസിദ്ധീകരിച്ച സ്കോറുകളുടെ അടിസ്ഥാനത്തിൽ ഓരോ വിദ്യാർത്ഥിയുടെയും ക്ലാസ്സിന്റെയും പരീക്ഷാ പ്രകടനം അവലോകനം ചെയ്യാം.

3. ക്ലാസ്സ് റൂം (Class Room)

സമഗ്ര പ്ലസ് പോർട്ടലിൽ അധ്യാപകർക്കായുള്ള പ്രധാനപ്പെട്ട ഒരു സവിശേഷതയാണ് Class Room. പഠനപ്രക്രിയ മെച്ചപ്പെടുത്താൻ സഹായിക്കുന്ന നിർമ്മിതബുദ്ധി അധിഷ്ഠിതമായ ഒരു ഡിജിറ്റൽ സംവിധാനമായി ഇത് പ്രവർത്തിക്കുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ, ഇന്ററാക്ടീവ് പഠനസാമഗ്രികൾ, ചിത്രങ്ങൾ, ടോപ്പിക് റിവ്യൂസ് എന്നിവ എന്നിവ എളുപ്പത്തിൽ കണ്ടെത്തി ക്ലാസ് മുറികളിൽ ഉപയോഗിക്കാൻ ഇത് അധ്യാപകരെ സഹായിക്കുന്നു.

പ്രധാന ഡിജിറ്റൽ വിഭവങ്ങളും സൗകര്യങ്ങളും:


- **വീഡിയോകൾ :** പാഠഭാഗങ്ങൾ ലളിതമായി വിനിമയം ചെയ്യാൻ സഹായിക്കുന്ന വിദ്യാഭ്യാസ വീഡിയോകൾ.
- **ഇന്ററാക്ടീവുകൾ (Interactive):** വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിലുള്ള ഡിജിറ്റൽ ഇന്ററാക്ടീവ് പ്രവർത്തനങ്ങൾ.
- **ചിത്രങ്ങൾ :** ആശയങ്ങൾ വ്യക്തമാക്കാൻ സഹായിക്കുന്ന വിഷ്വൽ ലേണിംഗ് വിഭവങ്ങൾ.
- **ടോപ്പിക് റിവ്യൂസ്** (Topics Reviews) **:** പാഠഭാഗങ്ങൾ വിനിമയം ചെയ്ത ശേഷം, പ്രധാന ആശയങ്ങൾ, അനുബന്ധ ഡിജിറ്റൽ വിഭവങ്ങൾ, വിദ്യാർത്ഥികളുടെ ആശയസ്ഥിരീകരണവും ചിന്താശേഷിയും വിലയിരുത്തുന്നതിനുള്ള സർഗ്ഗാത്മക ചോദ്യങ്ങൾ (Takeaway Questions) എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള ഡിജിറ്റൽ ലേണിങ് മെറ്റീരിയലാണിത്.
- **ക്വസ്റ്റ്യൻ പേപ്പർ ജനറേഷൻ :** പരീക്ഷകൾക്കും മൂല്യനിർണ്ണയങ്ങൾക്കുമായി പെട്ടെന്ന് ചോദ്യാപേപ്പർ തയ്യാറാക്കാനുള്ള സൗകര്യം.

ടീച്ചർ ഡാഷ് ബോർഡിൽ **'Class Room'** ക്ലിക്ക് ചെയ്യുമ്പോൾ 'Samagra Plus Class Room'ൽ പ്രവേശിക്കുന്നു. ഈ ജാലകത്തിൽ നിന്ന് ക്ലാസ് (Plus One/Plus Two) തിരഞ്ഞെടുക്കുമ്പോൾ തുറന്നുവരുന്ന ജാലകത്തിൽ ലഭ്യമായ വിഷയങ്ങളുടെ ലിസ്റ്റ്



(Subject Tiles) കാണാം. സബ്ജക്ട് തിരഞ്ഞെടുത്ത് ആ വിഷയത്തിന്റെ ഡിജിറ്റൽ പഠനവിഭവങ്ങളിലേക്ക് പ്രവേശിക്കാവുന്നതാണ്.

വിഷയം തിരഞ്ഞെടുത്ത ശേഷം തുറന്നുവരുന്ന ജാലകത്തിന്റെ ഇടതുവശത്തായി ഒരു മെനു പാനൽ കാണാവുന്നതാണ്. ഇതിലെ പ്രധാന ഓപ്ഷനുകൾ താഴെ പറയുന്നവയാണ്:



- **Text Book :** ഈ ഓപ്ഷനിൽ ക്ലിക്ക് ചെയ്താൽ സമഗ്ര പ്ലസിൽ ലഭ്യമാക്കിയിട്ടുള്ള പാഠപുസ്തകങ്ങൾ കാണാനും, ആവശ്യാനുസരണം അവ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാനും സാധിക്കും.
- **Question Bank:** വിദ്യാർത്ഥികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനും പരീക്ഷകൾ സംഘടിപ്പിക്കുന്നതിനും അധ്യാപകർക്ക് ആവശ്യമായ ചോദ്യശേഖരങ്ങൾ.
- **Question Paper:** പുതിയ ചോദ്യപേപ്പറുകൾ തയാറാക്കാനും തയാറാക്കിയ ചൊദ്യപേപ്പർ മാതൃക (Templates) സേവ് ചെയ്യാനും സ്വന്തമായി നിർമ്മിച്ച ചോദ്യങ്ങൾ ചോദ്യപേപ്പറിലേക്ക് ഉൾപ്പെടുത്താനുമുള്ള സംവിധാനം.
- **Samagra Canvas :** അധ്യാപകർക്ക് ക്ലാസ് മുറിയിൽ ചിത്രങ്ങളും വീഡിയോകളും ഇന്ററാക്ടീവ് ടൂളുകളും ഉപയോഗിച്ച് എളുപ്പത്തിൽ പാഠഭാഗങ്ങൾ വിനിമയം ചെയ്യാൻ സഹായിക്കുന്ന ഡിജിറ്റൽ ബോർഡ് സൗകര്യമാണ് 'ക്യാൻവാസ്'.
- **Exam Score entry:** വിവിധ പരീക്ഷകൾ തയ്യാറാക്കി സ്കോർ എന്റ്റി നടത്തി റിസൾട്ട് പബ്ലിഷ് ചെയ്യുന്നതിനുള്ള സംവിധാനം

സമഗ്ര കാൻവാസ് (Samagra Canvas)



പഠനവിഷയവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോകൾ, ആനിമേഷനുകൾ, പ്രസന്റേഷനുകൾ, ഇന്ററാക്ടീവ് ടൂളുകൾ തുടങ്ങിയവ നേരിട്ട് ഉൾപ്പെടുത്തി അധ്യാപനം കൂടുതൽ ആകർഷകമാക്കാൻ സഹായിക്കുന്ന ഡിജിറ്റൽ വൈറ്റ്ബോർഡ് സംവിധാനമാണ് സമഗ്ര കാൻവാസ്. പാഠഭാഗങ്ങൾ കൂടുതൽ വ്യക്തമായി വിശദീകരിക്കാനും ആശയരൂപീകരണ വേളയിൽ

കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാനും, പാഠാസൂത്രണത്തിന് (Lesson Planning) അനുയോജ്യമായ ഡിജിറ്റൽ കണ്ടന്റുകൾ ഫലപ്രദമായി വിനിമയം ചെയ്യാനും 'സമഗ്ര ക്യാൻവാസ്' (Samagra Canvas) അധ്യാപകരെ സഹായിക്കുന്നു.

പ്രധാന ടൂളുകളും അവയുടെ ഉപയോഗവും

1. Mobile (മൊബൈൽ കണക്റ്റിവിറ്റി): ക്യു.ആർ കോഡ് വഴി അധ്യാപകരുടെ മൊബൈൽ ഫോൺ ക്യാൻവാസുമായി റിമോട്ട് കൺട്രോളർ പോലെ ബന്ധിപ്പിക്കാൻ സഹായിക്കുന്നു.

2. Cursor : ക്യാൻവാസിലെ ഒബ്ജക്റ്റുകൾ തിരഞ്ഞെടുക്കാനും (Select), മാറ്റാനും (Move), ക്ലിക്ക് ചെയ്യാനും ഉപയോഗിക്കുന്നു.

3. Pen : വിവിധ ശൈലിയിലുള്ള ബ്രഷുകൾ (Smooth, Spray, Calligraphy, Neon, Dashed) ഉപയോഗിച്ച് എഴുതാനും വരയ്ക്കാനും സഹായിക്കുന്നു.

4. Line : കൃത്യമായ നേർരേഖകൾ (Straight lines) വരയ്ക്കാൻ സഹായിക്കുന്നു.

5.Mark : പാഠഭാഗങ്ങളിലെ പ്രധാന വരികളും ആശയങ്ങളും എടുത്തു കാണിക്കാൻ മാർക്കറായി ഉപയോഗിക്കാം.



6. Erase : ക്യാൻവാസിൽ വരച്ച ഭാഗങ്ങൾ മായിച്ചുകളയാൻ സഹായിക്കുന്നു.

7. Text : ക്യാൻവാസിലേക്ക് കീബോർഡ് ഉപയോഗിച്ച് ടൈപ്പ് ചെയ്തു ചേർക്കാൻ.

8. Shapes : ത്രികോണം, വൃത്തം, ചതുരം തുടങ്ങിയ ജ്യാമിതീയ രൂപങ്ങൾ (Geometric shapes) വരയ്ക്കാൻ.

9. Arrow : ദിശയോ ബന്ധങ്ങളോ സൂചിപ്പിക്കുന്ന ആരോമാർക്കുകൾ വരയ്ക്കാൻ

10. Table : ക്ലാസ് റൂം വിനിമയത്തിനിടയിൽ വിവരങ്ങൾ പട്ടിക രൂപത്തിൽ ക്രമീകരിച്ച് പ്രദർശിപ്പിക്കാൻ സഹായിക്കുന്നു.

11. Grid : ഗ്രിഡ് ടൂൾ തെരെഞ്ഞെടുത്ത് ക്യാൻവാസിന്റെ പശ്ചാത്തലത്തിൽ ഗ്രാഫുകൾ, ജ്യാമിതീയ രൂപങ്ങൾ എന്നിവ കൃത്യമായ അളവിലും വിന്യാസത്തിലും വരയ്ക്കാൻ അധ്യാപകരെ സഹായിക്കുന്നു.

12. Flow (ഫ്ലോചാർട്ട് നിർമ്മാണം): പാഠഭാഗങ്ങളിലെ വിവിധ ഘട്ടങ്ങൾ, പ്രക്രിയകൾ, പ്രവർത്തന ക്രമങ്ങൾ എന്നിവ വ്യക്തമാക്കുന്ന ഫ്ലോചാർട്ടുകൾ നിർമ്മിക്കാൻ ഈ ടൂൾ സഹായിക്കുന്നു.

13. Chart: സ്ഥിതിവിവരക്കണക്കുകൾ (Statistics), ഗ്രാഫുകൾ എന്നിവ തത്സമയം വിനിമയം ചെയ്യാൻ സഹായിക്കുന്ന ഫീച്ചറാണിത്. Tools പാനലിലെ 'Chart' ഐക്കണിൽ ക്ലിക്ക് ചെയ്യുമ്പോൾ ചാർട്ടിന്റെ ഡാറ്റ ക്രമീകരിക്കാനുള്ള വിൻഡോ തുറന്നുവരുന്നു. പുതിയ നിരകൾ ചേർക്കാൻ + Add Series ഉപയോഗിക്കാം. ബന്ധപ്പെട്ട ഫീൽഡുകളിൽ ആവശ്യമായ ആവശ്യാനുസരണം വിവരങ്ങൾ നൽകിയ ശേഷം Create Chart ബട്ടണിൽ ക്ലിക്ക് ചെയ്താൽ ഗ്രാഫ് തത്സമയം ക്യാൻവാസിലേക്ക് ചേർക്കപ്പെടും.


14. Map: സമഗ്ര ക്യാൻവാസിലെ **Map** ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ ഭൂപടങ്ങൾ എളുപ്പത്തിൽ ക്യാൻവാസിലേക്ക് ചേർക്കാനുള്ള **Insert Interactive Educational Map** വിൻഡോ തുറന്നുവരുന്നു. ഭൂമിശാസ്ത്രം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുമ്പോൾ ആധികാരിക ജി.ഐ.എസ് (GIS Boundary Data) അതിരുകളുള്ള വെക്റ്റർ മാപ്പുകൾ ഉപയോഗിക്കാൻ ഇത് സഹായിക്കുന്നു.


Samagra Canvas Connect

മൊബൈൽ ഫോണോ ടാബ്‌ലെറ്റ് കമ്പ്യൂട്ടറോ കണക്റ്റ് ചെയ്തുകൊണ്ട് സമഗ്ര പ്ലസ് ക്യാൻവാസിലെ സൗകര്യങ്ങൾ അതിൽ ഉപയോഗിക്കാവുന്നതാണ്. ഇതുവഴി അധ്യാപകർക്ക് ക്ലാസ് മുറിയുടെ എവിടെനിന്നും മൊബൈൽ/ടാബ് ഉപയോഗിച്ച് കാൻവാസിൽ എഴുതാനും അടയാളപ്പെടുത്തലുകൾ നടത്താനും സാധിക്കുന്നു.

അധ്യാപകർക്ക് ക്ലാസ്സ് കൈകാര്യം ചെയ്യുന്നത് കൂടുതൽ എളുപ്പമാക്കാൻ ഇത് സഹായിക്കുന്നു. ഇതിനായി

- ടൂൾസ് (Tools) മെനുവിലെ "**Mobile**" എന്ന ടൂളിൽ ക്ലിക്ക് ചെയ്യുക.
- സ്ക്രീനിൽ കാണുന്ന QR കോഡ് മൊബൈൽ ഫോൺ/ടാബ് ഉപയോഗിച്ച് സ്കാൻ ചെയ്യുക.
- തുടർന്ന് സ്ക്രീനിൽ നൽകിയിരിക്കുന്ന **Password** ഫോണിലെ കോളത്തിൽ ടൈപ്പ് ചെയ്ത് നൽകുക.






ഇതോടെ കാൻവാസ് മൊബൈൽ/ടാബ് ൽ ലഭ്യമാകുകയും അധ്യാപകർക്ക് ക്യാൻവാസിലെ വരയ്ക്കാനുള്ള ടൂളുകൾ, ഷേപ്പുകൾ, പോയിന്ററുകൾ തുടങ്ങിയവ **(Canvas Tools)** അധ്യാപകന് സ്വന്തം മൊബൈൽ സ്ക്രീനിൽ നിന്ന് നേരിട്ട് നിയന്ത്രിക്കാനും ക്ലാസ് റൂമിൽ കാര്യക്ഷമമായി ഉപയോഗിക്കാനും സാധിക്കും.

സമഗ്ര കാൻവാസിലെ **ഉള്ളടക്കങ്ങൾ തിരുത്തുന്നതിനും നീക്കം ചെയ്യുന്നതിനുമായി** താഴെ പറയുന്ന ടൂളുകൾ ഉപയോഗിക്കാവുന്നതാണ്:

- **Erase :** ബോർഡിൽ എഴുതിയ കാര്യങ്ങളിൽ ആവശ്യമുള്ള ഭാഗങ്ങൾ മാത്രം തിരഞ്ഞെടുത്ത് മായ്ച്ചു കളയാൻ ഈ ടൂൾ ഉപയോഗിക്കാം.
- **Undo :** അവസാനം ചെയ്ത തിരുത്തലുകളോ മാറ്റങ്ങളോ തൊട്ടുമുൻപത്തെ അവസ്ഥയിലേക്ക് തിരിച്ചുകൊണ്ടുവരാൻ ഇത് സഹായിക്കുന്നു.
- **Clear All :** നിലവിലെ ക്യാൻവാസിലെ എല്ലാ ഉള്ളടക്കങ്ങളും ഒരൊറ്റ ക്ലിക്കിൽ പൂർണ്ണമായി മായ്ച്ചു കളയാൻ ഈ ടൂൾ ഉപയോഗിക്കാം.


ക്യാൻവാസ് ലേഔട്ട് സെറ്റിങ്ങ് (Canvas Layout Settings)



- ഈ സൗകര്യം ഉപയോഗിച്ച് ബോർഡിന്റെ പശ്ചാത്തലവും പേജുകളും ക്രമീകരിക്കാവുന്നതാണ്.
- ബോർഡിന്റെ ഡിസ്പ്ലേ ശൈലി, ക്യാൻവാസ് കളർ എന്നിവ മാറ്റാം
- Canvas Opacity സ്ലൈഡ് ബാർ ഉപയോഗിച്ച് ബോർഡിന്റെ പശ്ചാത്തല നിറത്തിന്റെ സുതാര്യത (Transparency) ആവശ്യത്തിനനുസരിച്ച് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം. ക്യാൻവാസിന്റെ Opacity കുറയ്ക്കുന്നതിലൂടെ, ക്യാൻവാസിന് തൊട്ടുപിന്നിലുള്ള ഉള്ളടക്കം വ്യക്തമായി കാണാൻ സാധിക്കും. ഇത് ഡിജിറ്റൽ വിഭവങ്ങളും നോട്ടുകളും വൈറ്റ്ബോർഡിൽ വച്ച് തടസ്സമില്ലാതെ വിശദീകരിക്കാൻ സഹായിക്കുന്നു.


Resources (Gallery)

ക്യാൻവാസിന്റെ ഇടതുവശത്തുള്ള 'Resources' ഓപ്ഷൻ ഉപയോഗിച്ച് ചിത്രങ്ങൾ, ടോപ്പിക്ക് റിവ്യു, ഇന്ററാക്ടീവുകൾ തുടങ്ങിയവ ബോർഡിലേക്ക് കൊണ്ടുവരാവുന്നതാണ്. 'Resources' ക്ലിക്ക് ചെയ്യുമ്പോൾ തിരഞ്ഞെടുത്തിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട റിസോഴ്സ് ഗാലറിയിലേക്ക് എത്തുന്നു.



Images, Videos, Topic Review, Interactive തുടങ്ങിയ വിവിധ വിഭവങ്ങൾ ഇവിടെ നിന്ന് കാൻവാസിലേക്ക് ചേർക്കാം. ഇതിനായി ആവശ്യമായ റിസോഴ്സിന്റെ നേർക്കുള്ള ' + ' ബട്ടണിൽ ക്ലിക്ക് ചെയ്യുക.

ക്യാൻവാസിലേക്ക് കൊണ്ടുവന്ന റിസോഴ്സുകൾ വിശദീകരിക്കുന്നതിനായി ബ്രഷ് ടൂളുകൾ ഉപയോഗിക്കാം. ബ്രഷ് ടൂൾസിലെ Cursor ക്ലിക്ക് ചെയ്ത് മൗസ് ഉപയോഗിച്ച് ഇന്ററാക്ടീവ് പ്രവർത്തിപ്പിക്കാം. അധ്യാപകരുടെ കമ്പ്യൂട്ടറിലോ ടാബിലോ ഉള്ള റിസോഴ്സസ് 'Browse from device gallery' എന്ന ഓപ്ഷൻ ഉപയോഗിച്ച് ബോർഡിലേക്ക് അപ്ലോഡ് ചെയ്യാം.




ക്യാൻവാസിലെത്തിച്ച വിഭവങ്ങളിൽ പേന (Pen), മാർക്കിംഗ് ടൂളുകൾ എന്നിവ ഉപയോഗിച്ച് വരയ്ക്കാനും വിശദീകരണങ്ങൾ നൽകാനും സാധിക്കും. അടുത്ത ചിത്രം പുതിയ പേജിൽ പ്രദർശിപ്പിക്കണമെങ്കിൽ സ്ക്രോൾ ബട്ടൺ ഉപയോഗിച്ച് പുതിയൊരു ക്യാൻവാസ് പേജ് തുറക്കാവുന്നതാണ്.

Canvas Layout Settings മെനുവിൽ നിന്ന് ക്യാൻവാസിന്റെ Opacity കുറച്ചാൽ ക്യാൻവാസിന് അടിയിലുള്ള ഉള്ളടക്കം കാണാം

ക്യാൻവാസ് മിനിമൈസ് ചെയ്യുന്ന വിധം:

ക്യാൻവാസിലെ 'Minimise' ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ, ക്യാൻവാസ് സ്ക്രീനിന്റെ ഒരു വശത്തേക്ക് ഒരു ചെറിയ ഫ്ലോട്ടിംഗ് ബോക്സായി (Small Box) ചുരുങ്ങുന്നു.



ക്യാൻവാസ് റീസ്റ്റോർ ചെയ്യുന്ന വിധം:




മിനിമൈസ് ചെയ്ത ബോക്സിലെ 'Restore' ബട്ടണിൽ ക്ലിക്ക് ചെയ്താൽ സമഗ്ര ക്യാൻവാസ് വീണ്ടും പൂർണ്ണരൂപത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ (Restore) സാധിക്കും.



ബ്രഷ് ടൂളുകൾ താൽക്കാലികമായി മറയ്ക്കാൻ മിനിമൈസ് ബട്ടൺ ഉപയോഗിക്കാം. ടൂളുകൾ മിനിമൈസ് ചെയ്യുമ്പോൾ സ്ക്രീനിന്റെ വലതുവശത്ത് ഒരു **Gear Icon (Tools Gear Button)** കാണാം.ഇതിൽ ക്ലിക്ക് ചെയ്യുന്നതിലൂടെ ടൂളുകൾ തിരികെ ബോർഡിലേക്ക് കൊണ്ടുവരാൻ (Restore) സാധിക്കും.

[ടോപ്പിക് റിവ്യൂസ്, ഇന്ററാക്ടീവ്, ഇമേജുകൾ തുടങ്ങിയ ഉള്ളടക്കം തുറന്നതിന് ശേഷവും ക്യാൻവാസിലേക്ക് കൊണ്ടുവരാവുന്നതാണ്. ഇതിനായി ആവശ്യമായ ഇമേജ്/ഇന്ററാക്ടീവ് എന്നിവ ക്ലിക്ക് ചെയ്ത് തുറന്ന് വരുന്ന വിൻഡോയിൽ ഉള്ള ബ്രഷ് ബട്ടൺ ക്ലിക്ക് ചെയ്താൽ മതി. ഇങ്ങനെ കൊണ്ടുവരുമ്പോൾ ക്യാൻവാസിൽ ഉള്ളടക്കം കാണുന്നതിനായി ക്യാൻവാസ് ലേഔട്ട് സെറ്റിങ്ങിൽ നിന്ന് ക്യാൻവാസ് ഒപ്പാസിറ്റി കുറക്കേണ്ടതുണ്ട്.]



ടോപ്പിക് റിവ്യൂസ് ഉള്ളടക്കം തുറന്നതിന് ശേഷം അതിന്റെ ഉള്ളടക്കം ക്യാൻവാസിലേക്ക് കൊണ്ടു വരുന്നതിന് അതിൽ ക്ലിക്ക് ചെയ്ത് തുറന്നു വരുന്ന സ്ക്രീനിൽ ഇടതുവശത്തുള്ള പാനലിൽ കാണുന്ന 'Open In Board' എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക. ക്ലിക്ക് ചെയ്യുമ്പോൾ ടോപ്പിക് റിവ്യു ക്യാൻവാസിൽ ടൂളുകൾക്കൊപ്പം (Canvas Tools) ബോർഡിൽ തുറന്നുവരുന്നതാണ്. സജീവമായ ബോർഡ് ടൂളുകൾ ഉപയോഗിച്ച് ആശയങ്ങൾ വരച്ച് വിശദീകരിക്കാനും, മൗസിന്റെ സ്ക്രോൾ ബട്ടൺ (Scroll button) ഉപയോഗിച്ച് ടോപ്പിക് റിവ്യു ഉള്ളടക്കം മുകളിലേക്കും താഴേക്കും സ്ക്രോൾ ചെയ്ത് വായിക്കാനും സാധിക്കും.

കാൻവാസിലെ ടൈപ്പ് ഓപ്ഷനും റിസോർസ് ചേർക്കലും

വൈറ്റ്ബോർഡിലോ ബോർഡിലേക്ക് കൊണ്ടുവന്ന വിഭവങ്ങൾക്ക് (Resources) മുകളിലോ ടൈപ്പ് ചെയ്യാൻ ടൂൾസ് ലെ 'Type' ഓപ്ഷൻ (**T Text**) ഉപയോഗിക്കാവുന്നതാണ്:

- <u>ടൈപ്പ് ചെയ്യൽ</u>: **'Type'** ഓപ്ഷനിൽ ക്ലിക്ക് ചെയ്യുമ്പോൾ സ്ക്രീനിൽ ഒരു ടെക്സ്റ്റ് ബോക്സ് (Text Box) തുറന്നു വരും. ഇതിൽ ആവശ്യമായ വിവരങ്ങൾ ടൈപ്പ് ചെയ്യാം. ടൂൾ ഓപ്ഷനുകളിൽ നിന്ന് അക്ഷരങ്ങളുടെ വലുപ്പം (Font Size), നിറം (Font Colour) മുതലായവ തിരഞ്ഞെടുക്കാം.


- ടെക്സ്റ്റ് ബോക്സിൽ **'@'** എന്ന് ടൈപ്പ് ചെയ്യുമ്പോൾ ഗാലറിയിലുള്ള ഇന്ററാക്ടീവ് വിഭവങ്ങളുടെ ഒരു ലിസ്റ്റ് പ്രത്യക്ഷപ്പെടും. '@' എന്നതിന് ശേഷം പേര് ടൈപ്പ് ചെയ്താൽ (ഉദാഹരണത്തിന്: @magnetic flux), ആ പ്രത്യേക റിസോർസ് മാത്രം

ഫിൽട്ടർ ചെയ്ത് വരും. അതിൽ ക്ലിക്ക് ചെയ്യുന്നതിലൂടെ ആ റിസോർസ് നേരിട്ട് ബോർഡിലേക്ക് ചേർക്കാവുന്നതാണ്.

ക്യാൻവാസിലെ ഒരു പേജ് പൂർത്തിയാകുമ്പോൾ, പുതിയൊരു പേജ് തുറക്കുന്നതിനായി സ്ക്രോൾ ബട്ടണിൽ (Next Canvas Page Button) ക്ലിക്ക് ചെയ്യാവുന്നതാണ്. കൂടാതെ, ഇതേ ബട്ടൺ ഉപയോഗിച്ച് തുറന്ന് വച്ചിരിക്കുന്ന പേജുകളിലേക്ക് തിരികെ പോകുന്നതിനും സാധിക്കും.

സമഗ്ര പ്ലസ് ക്ലാസ് റൂമിൽ (Class Room) ഒരു ചാപ്റ്റർ തിരഞ്ഞെടുത്തു കഴിഞ്ഞാൽ തുറന്നുവരുന്ന ജാലകത്തിൽ ആ അധ്യായവുമായി ബന്ധപ്പെട്ട താഴെ പറയുന്ന സൗകര്യങ്ങൾ ലഭ്യമാണ്.

1. Question Paper
2. Examination
3. Assignments
4. Topic Reviews
5. Resources





1. Question Paper (ചോദ്യപേപ്പർ തയ്യാറാക്കൽ):

ഈ ഓപ്ഷൻ ക്ലിക് ചെയ്താൽ ടെംപ്ലേറ്റുകൾ ഉപയോഗിച്ച് ആവശ്യാനുസരണം മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കാനുള്ള ജാലകത്തിൽ എത്തുന്നു.

- മുകളിലെ ഡ്രോപ്പ് ഡൗൺ മെനുവിൽ നിന്ന് ചോദ്യപേപ്പർ തയ്യാറാക്കേണ്ട അധ്യായം (ഉദാഹരണത്തിന്: *Ch 1 – Electric Charges and Fields*) തിരഞ്ഞെടുക്കുക.

Time Limit: പരീക്ഷയുടെ ദൈർഘ്യം മിനിറ്റിൽ നൽകുക.





- മുകളിലെ ഡ്രോപ്പ് ഡൗൺ മെനുവിൽ നിന്ന് ചോദ്യപേപ്പർ തയ്യാറാക്കേണ്ട അധ്യായം (ഉദാഹരണത്തിന്: *Ch 1 – Electric Charges and Fields*) തിരഞ്ഞെടുക്കുക. **Time Limit:** പരീക്ഷയുടെ ദൈർഘ്യം മിനിറ്റിൽ നൽകുക.


ചോദ്യങ്ങളുടെ വിന്യാസവും മാർക്ക് വിഭജനവും (Questions Count Distribution):

- ഓരോ പാർട്ടിനുമുള്ള (Part I – 1 Mark, Part II – 2 Marks, Part IV – 4 Marks മുതലായവ) ചോദ്യങ്ങളുടെ എണ്ണം **+, -** ബട്ടണുകൾ ഉപയോഗിച്ച് ക്രമീകരിക്കുക.
- **+ Show More Parts:** കൂടുതൽ പാർട്ടുകൾ (Part V to X) കാണാനും ചോദ്യങ്ങൾ ചേർക്കാനും ഈ ബട്ടൺ ഉപയോഗിക്കാം.
- **Create Template / Saved Templates:** അധ്യാപകർ സ്ഥിരമായി ഉപയോഗിക്കുന്ന ചോദ്യപേപ്പർ മാതൃകകൾ ടെംപ്ലേറ്റ് ആയി സേവ് ചെയ്യാനും ഉപയോഗിക്കാനും സാധിക്കും.
- **My Questions:** അധ്യാപകർ സ്വന്തമായി തയ്യാറാക്കിയ ചോദ്യ ശേഖരത്തിൽ നിന്ന് ചോദ്യങ്ങൾ തിരഞ്ഞെടുക്കാം.
- സ്ക്രീനിന്റെ താഴെയായി ആകെ ചോദ്യങ്ങളുടെ എണ്ണം (**Requested Qns**), ആകെ മാർക്ക് (**Total Marks**), സമയം (**Duration**) എന്നിവയുടെ സംഗ്രഹം കാണാം.
- ചോദ്യങ്ങൾ ക്രമീകരിച്ച ശേഷം താഴെയുള്ള **'Generate Question Paper'** ബട്ടണിൽ ക്ലിക്ക് ചെയ്ത് ചോദ്യപേപ്പർ തയ്യാറാക്കാവുന്നതാണ്.
- **Custom Questions:** അധ്യാപകർക്ക് ആവശ്യമെങ്കിൽ സ്വന്തമായി നേരിട്ട് തിരഞ്ഞെടുക്കാൻ (Select Questions Manually) ഈ ഓപ്ഷൻ ഓൺ ചെയ്യാം.


- **Save Templates:** ചോദ്യങ്ങളുടെ മാർക്ക് വിഭജനം ക്രമീകരിക്കാനും ഭാവി ആവശ്യങ്ങൾക്കായി ഇത്തരം മാതൃകകൾ സേവ് ചെയ്തു വെക്കാനും സാധിക്കും.

Custom Questions

ചോദ്യപേപ്പർ ജനറേറ്ററിൽ സിസ്റ്റം ഓട്ടോമാറ്റിക് ആയി ചോദ്യങ്ങൾ തിരഞ്ഞെടുക്കുന്നതിന് പകരം, അധ്യാപകർക്ക് സ്വന്തമായി ചോദ്യങ്ങൾ നേരിട്ട് തിരഞ്ഞെടുത്തു (Manually) ചോദ്യപേപ്പർ രൂപീകരിക്കാനുള്ള ഓപ്ഷനാണിത്.



ചോദ്യപേപ്പർ നിർമ്മാണ വേളയിൽ അധ്യാപകർക്ക് വിവിധ അധ്യായങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ (Browse & Select) ചോദ്യപേപ്പറിലേക്ക് നേരിട്ട് ചേർക്കാൻ ഇത് വഴി സാധിക്കുന്നു. ഇതിനായി ഡ്രോപ്പ് ഡൗൺ മെനുവിൽ നിന്ന് ആവശ്യമായ ചാപ്റ്റർ തിരഞ്ഞെടുക്കുന്നു. Use Custom Questions എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ആക്ടീവ് ആക്കിയതിന് ശേഷം ഓരോ പാർട്ടുകൾക്കും (Part I – 1 Mark, Part II – 2 Marks മുതലായവ) നേരെ **+ Add** ബട്ടൺ പ്രത്യക്ഷപ്പെടുന്നു. ഏതെങ്കിലും ഒരു പാർട്ടിന് ആവശ്യമായ ചോദ്യങ്ങൾ തിരഞ്ഞെടുക്കാൻ അതിന് നേരെയുള്ള **+ Add** ബട്ടണിൽ ക്ലിക്ക് ചെയ്യുക. ഇത് നേരിട്ട് **Question Bank** വിൻഡോയിലേക്ക് തുറക്കുന്നു.



മുകളിലുള്ള ഡ്രോപ്പ് ഡൗൺ മെനുവിൽ നിന്ന് ചോദ്യങ്ങൾ ആവശ്യമായ അധ്യായം ഉദാഹരണത്തിന്: *Ch 1 – Electric Charges and Fields* തിരഞ്ഞെടുക്കാം. വ്യത്യസ്ത


അധ്യായങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ ബ്രൗസ് ചെയ്ത് ഒരൊറ്റ ചോദ്യപേപ്പറിലേക്ക് കൂട്ടിച്ചേർക്കാൻ ഇതിലൂടെ സാധിക്കും.

ചോദ്യങ്ങളുടെ ഉറവിടം തിരഞ്ഞെടുക്കൽ (Question Categories):

- **Question Bank:** സമഗ്ര പ്ലസിലെ ലഭ്യമായ പൊതു ചോദ്യശേഖരത്തിൽ നിന്നുള്ള ചോദ്യങ്ങൾ.
- **My Questions:** അധ്യാപകർക്ക് തങ്ങളുടെ സ്വന്തം ചോദ്യങ്ങളും ഉത്തര സൂചികകളും നിർമ്മിച്ച് പോർട്ടലിൽ ഡിജിറ്റലായി സൂക്ഷിക്കാനും, ചോദ്യപേപ്പർ നിർമ്മാണ വേളയിൽ ഉപയോഗിക്കാനും ഈ ഫീച്ചർ സഹായിക്കുന്നു.
    1. ഡ്രോപ്പ് ഡൗൺ മെനുവിൽ നിന്ന് ചോദ്യത്തിന് നൽകേണ്ട സ്കോർ തിരഞ്ഞെടുക്കുക.
    2. നിർമ്മിക്കേണ്ട ചോദ്യം ടെക്സ്റ്റ് ബോക്സിൽ നൽകുക.
    3. ഗണിത-ശാസ്ത്ര സമവാക്യങ്ങൾ എളുപ്പത്തിൽ ഉൾപ്പെടുത്താൻ Σ Insert Equation ബട്ടൺ ഉപയോഗിക്കാം.
    4. Answer Hint / Solution (Optional): കുട്ടികൾക്ക് സഹായകമായ ചെറിയ ഉത്തര സൂചികകളോ സൂചനകളോ നൽകാൻ ഈ ഫീൽഡ് ഉപയോഗിക്കാം. ഇതിലും ആവശ്യാനുസരണം Σ Insert Equation വഴി സമവാക്യങ്ങൾ നൽകാവുന്നതാണ്.
    5. വിവരങ്ങൾ നൽകിയ ശേഷം താഴെ വലതുവശത്തുള്ള **Save to My Pool** ബട്ടണിൽ ക്ലിക്ക് ചെയ്താൽ ആ ചോദ്യം വ്യക്തിഗത ചോദ്യശേഖരത്തിലേക്ക് ചേർക്കപ്പെടും.



Assignments: അധ്യാപകർ തയാറാക്കുന്ന ചോദ്യങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവെക്കാൻ സാധിക്കും. അധ്യാപകർ പങ്കുവെക്കുന്ന ചോദ്യങ്ങൾ വിദ്യാർത്ഥികളുടെ ലോഗിനിൽ (Student Login) ദൃശ്യമാകും. വിദ്യാർത്ഥികൾ നൽകുന്ന ഉത്തരങ്ങൾ വിലയിരുത്തലിനായി ഈ **Assignments** ടാബിൽ ലഭ്യമാകുന്നതാണ്.



*[അധ്യായത്തിലെ ഒരു വിഷയം (Topic) തിരഞ്ഞെടുക്കുമ്പോൾ തുറന്നുവരുന്ന പ്രധാന ജാലകത്തിൽ തന്നെ **Textbook Question Bank, Samagra Canvas** എന്നിവയോടൊപ്പം **My Questions, Assignments** എന്നീ സൗകര്യങ്ങളും ലഭ്യമാണ്.]*

ചോദ്യങ്ങൾ സെർച്ച് ചെയ്യലും ഫിൽട്ടർ ചെയ്യലും (Search & Filter):

- **Search Bar:** പ്രത്യേക കീവേഡുകളോ (Keywords), ടോപ്പിക്കുകളോ ടൈപ്പ് ചെയ്ത് ചോദ്യങ്ങൾ പെട്ടെന്ന് കണ്ടെത്താം.
- **Filter Options:** മാർക്ക് അടിസ്ഥാനമാക്കിയും (ഉദാഹരണത്തിന്: *1 Mark, 2 Marks*) ഇതേ വിൻഡോയിൽ നിന്ന് ചോദ്യങ്ങൾ ഫിൽട്ടർ ചെയ്യാം.

ചോദ്യപേപ്പറിലേക്ക് ചോദ്യങ്ങൾ ചേർക്കൽ (Adding Questions):

- ലിസ്റ്റിൽ കാണുന്ന ചോദ്യങ്ങളിൽ അനുയോജ്യമായ ചോദ്യത്തിന്റെ വലതുവശത്തുള്ള **+ Add** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ആ ചോദ്യം ചോദ്യപേപ്പറിലേക്ക് കൂട്ടിച്ചേർക്കപ്പെടും.
- ചേർക്കപ്പെട്ട ചോദ്യങ്ങളുടെ സ്റ്റാറ്റസ് **✓ Selected** എന്ന് മാറും.

ചോദ്യങ്ങളുടെ എണ്ണവും കൺഫർമേഷനും (Adding Selected Questions):


- വിൻഡോയുടെ താഴെ വലതുഭാഗത്തായി നിലവിൽ എത്ര ചോദ്യങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട് എന്ന് കാണാം **✓ Add Selected Questions** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ തിരഞ്ഞെടുത്ത മുഴുവൻ ചോദ്യങ്ങളും ചോദ്യപേപ്പർ രൂപീകരണ ടെംപ്ലേറ്റിലേക്ക് കൂട്ടിച്ചേർക്കപ്പെടും. മാറ്റങ്ങൾ ഒഴിവാക്കാനും മുൻപത്തെ സ്ക്രീനിലേക്ക് തിരികെ പോകാനും **Cancel** ബട്ടൺ ഉപയോഗിക്കാം.
- തയ്യാറാക്കിയ ചോദ്യപേപ്പർ പ്രിവ്യൂ ചെയ്യാനും, ടെംപ്ലേറ്റ് ആക്കി സേവ് ചെയ്യാനും, ഡൗൺലോഡ് ചെയ്യാനും സൗകര്യമുണ്ട്. **Save Template** ബട്ടണിൽ ക്ലിക്ക്

ചെയ്ത് ഈ ചോദ്യപേപ്പറിന്റെ ഘടന സേവ് ചെയ്തു വെക്കാം. ഇത് പിന്നീട് മറ്റു ചോദ്യപേപ്പറുകൾ വേഗത്തിൽ ഉണ്ടാക്കാൻ സഹായിക്കും.


2. Examination :

പോർട്ടലിൽ നിലവിലുള്ളതും പൂർത്തിയായതുമായ ഓൺലൈൻ പരീക്ഷകളെ കാണാനും അവയുടെ ഉത്തരക്കടലാസുകൾ പരിശോധിക്കാനും അധ്യാപകരെ സഹായിക്കുന്ന സം വിധാനം.

മുൻകൂട്ടി തയാറാക്കി വെച്ചിട്ടുള്ള ചോദ്യപേപ്പർ മാതൃകകൾ (Saved Templates) ഉപയോഗിച്ച് വിദ്യാർത്ഥികൾക്കായി ഓൺലൈൻ പരീക്ഷകൾ ലൈവായി ക്രമീകരിക്കാനും വിലയിരുത്താനും ഈ സൗകര്യം സഹായിക്കുന്നു. ഈ പ്രവർത്തനം താഴെ പറയുന്ന ഘട്ടങ്ങളിലൂടെ പൂർത്തിയാക്കാം.



- **Saved Templates** ടാബിൽ ക്ലിക്ക് ചെയ്ത് തയാറാക്കിവെച്ചിട്ടുള്ള ചോദ്യപേപ്പർ ലിസ്റ്റിൽ നിന്ന് ആവശ്യമായ ചോദ്യപേപ്പർ തിരഞ്ഞെടുക്കുക



- തിരഞ്ഞെടുത്ത ചോദ്യപേപ്പർ കാർഡിലെ **Create online exam** ബട്ടണിൽ ക്ലിക്ക് ചെയ്യുക.
- തുറന്നുവരുന്ന പുതിയ വിൻഡോയിൽ പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികളുടെ ഡിവിഷൻ/ക്ലാസ്സ് (Division) തിരഞ്ഞെടുത്ത് **Create Online Exam** ബട്ടൺ അമർത്തുക.
- **Exam** ടാബിൽ ഈ പരീക്ഷ നിലവിലുള്ള പരീക്ഷകളുടെ ലിസ്റ്റിൽ (Active Exams) ഉൾപ്പെടും.
- തുടർന്ന് ലിസ്റ്റിലെ പരീക്ഷയ്ക്ക് നേരേയുള്ള **Settings** ( ) ബട്ടണിൽ ക്ലിക്ക് ചെയ്ത് **Start Exam** തിരഞ്ഞെടുക്കുക.

ഇതൊടെ ചോദ്യപേപ്പർ വിദ്യാർത്ഥികളുടെ ലോഗിനിലെ ഡാഷ്ബോർഡിൽ (Student Dashboard) ലഭ്യമാകും.

- വിദ്യാർത്ഥികൾ ഉത്തരങ്ങൾ submit ചെയ്താൽ അവ അധ്യാപകരുടെ ലോഗിനിലെ **Exam** ടാബിൽ പരിശോധനയ്ക്കായി ദൃശ്യമാകും.
- നിശ്ചിത സമയപരിധിക്ക് ശേഷം അധ്യാപകർക്ക് ലൈവ് പരീക്ഷ പൂർത്തിയാക്കാനായി പരീക്ഷ ക്ലോസ്സ് ചെയ്യാവുന്നതാണ് (**Close Exam**).

3. Assignments

തിരഞ്ഞെടുക്കുന്ന ചാപ്റ്ററിനെ അടിസ്ഥാനമാക്കി നൽകിയിട്ടുള്ള അസൈൻമെന്റുകൾക്കും പരീക്ഷകൾക്കും വിദ്യാർത്ഥികൾ സമർപ്പിച്ച ഉത്തരങ്ങളുടെ ലിസ്റ്റ് ഇവിടെ കാണാൻ സാധിക്കും. **Assignments** എന്ന ഓപ്ഷനിൽ **'View Assignments'** ക്ലിക്ക് ചെയ്താൽ വിദ്യാർത്ഥികൾക്ക് നൽകുന്ന അസൈൻമെന്റുകളും പരീക്ഷകളും കാണാനും വിലയിരുത്താനും ഫലങ്ങൾ അപഗ്രഥിക്കാനും സഹായിക്കുന്ന Assignments വിൻഡോയിൽ എത്തുന്നു.


4. Topic Reviews :

സമഗ്ര പ്ലസ് പോർട്ടലിൽ ഹയർ സെക്കൻഡറി സബ്ജക്ട് ടീച്ചർ ലോഗിനിലും വിദ്യാർത്ഥികളുടെ ലോഗിനിലും ലഭ്യമാക്കിയിട്ടുള്ള ഒരു പ്രധാന ഡിജിറ്റൽ പഠന

സൗകര്യമാണ് ടോപ്പിക് റിവ്യൂസ് . ഒരു അധ്യായത്തിലെ മുഴുവൻ ടോപ്പിക്കുകളുടെയും സംഗ്രഹം ഒരിടത്ത് ലഭ്യമാക്കുന്ന ജാലകമാണിത്. Quick reading, റിവിഷൻ, പരീക്ഷാ തയ്യാറെടുപ്പുകൾ എന്നിവക്ക് ഇത് സഹായകമാണ്. ചാപ്റ്ററിലെ പ്രധാന ആശയങ്ങളും വിവരങ്ങളും അടങ്ങിയ ഈ സംവിധാനത്തിൽ പാഠഭാഗത്തെ പ്രധാന ആശയങ്ങളെ മനസ്സിൽ ഉറപ്പിക്കുന്നതിനായി ചിത്രങ്ങൾ, ഡയഗ്രം, ഇന്ററാക്ടീവ് ലേണിംഗ് മോഡലുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

പാഠഭാഗങ്ങളിലെ ആശയങ്ങൾ എത്രത്തോളം സ്വായത്തമാക്കി എന്ന് വിദ്യാർത്ഥികൾക്ക് തന്നെ വിലയിരുത്താൻ സഹായിക്കുന്ന **Takeaway Questions (ചിന്തോദ്ദീപകമായ സ്വയം-വിലയിരുത്തൽ ചോദ്യങ്ങൾ)** ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് കൂടുതൽ വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

ഡാഷ്ബോർഡിലെ **'Topic Reviews'** ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ, തിരഞ്ഞെടുക്കപ്പെട്ട അധ്യായത്തിലെ മുഴുവൻ ടോപ്പിക്കുകളുടെയും ലിസ്റ്റ് അടങ്ങിയ ഒരു പുതിയ വിൻഡോ തുറന്നു വരുന്നു.



പ്രധാന സവിശേഷതകൾ (Key Features):


1. **സെർച്ച് & ഫിൽട്ടർ (Search & Filter):**
    - **Search Bar:** ടൈറ്റിലോ ടോപ്പിക്കോ ടൈപ്പ് ചെയ്ത് ആവശ്യമായ വിഷയം പെട്ടെന്ന് കണ്ടെത്താം.
    - **Sort by / Topic Dropdown:** ടോപ്പിക്കുകൾ ക്രമീകരിക്കാനും (Latest) പ്രത്യേക ടോപ്പിക് മാത്രം തിരഞ്ഞെടുത്ത് കാണാനും ഫിൽട്ടർ സൗകര്യമുണ്ട്.
2. **ടോപ്പിക് കാർഡുകൾ (Topic Review Cards):**
    - ആവശ്യമായ ടോപ്പിക് കാർഡിന് താഴെയുള്ള **Open Note →** ബട്ടണിൽ ക്ലിക്ക് ചെയ്താൽ ആ വിഷയത്തിന്റെ വിശദമായ Topic Review തുറന്നുവരും.

ലിസ്റ്റിൽ നിന്ന് ആവശ്യമായ ഒരു പ്രത്യേക ടോപ്പിക് തിരഞ്ഞെടുത്ത് ക്ലിക്ക് ചെയ്യുമ്പോൾ, ആ ടോപ്പിക്കിന്റെ **Topic Review** പേജ് ലഭ്യമാകുന്നു. അധ്യാപകർക്ക് ആവശ്യാനുസരണം ഈ പഠന സാമഗ്രികൾ നേരിട്ട് **ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ** സാധിക്കും.

5. Resources (പഠന വിഭവങ്ങൾ):

സമഗ്ര പ്ലസ് ക്ലാസ് റൂം ഡാഷ്ബോർഡിൽ തയ്യാറാക്കിയിട്ടുള്ള വൈവിധ്യമാർന്ന ഡിജിറ്റൽ പഠന വിഭവങ്ങളുടെ സമാഹാരമാണ് **'Resources Library'**. കണ്ടന്റ് വിനിമയം കൂടുതൽ ആകർഷകമാക്കാനും ആശയഗ്രഹണം എളുപ്പമാക്കാനും സഹായിക്കുന്ന വിവിധതരം ഡിജിറ്റൽ സാമഗ്രികൾ ഇതിൽ ലഭ്യമാണ്. തിരഞ്ഞെടുത്ത അധ്യായവുമായി ബന്ധപ്പെട്ട വീഡിയോകൾ, ചിത്രങ്ങൾ, ടോപ്പിക്ക് റിവ്യു എന്നിവയ്ക്ക് പുറമെ പഠനം കൂടുതൽ രസകരമാക്കുന്ന ഡിജിറ്റൽ ഇന്ററാക്ടീവ് വിഭവങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡാഷ് ബോർഡിലെ 'Resources' ടൈൽ ക്ലിക്ക് ക്ലിക്ക് ചെയ്യുമ്പോൾ ആ ചാപ്റ്ററിലെ മുഴുവൻ മുഴുവൻ പഠന വിഭവങ്ങളും അടങ്ങിയ **'Resources Library'** വിൻഡോ തുറന്നുവരുന്നു.



റിസോഴ്സ് ലൈബ്രറിയിൽ താഴെ പറയുന്ന പ്രധാന വിഭാഗങ്ങളിലായി പഠന വിഭവങ്ങൾ തരംതിരിച്ചിരിക്കുന്നു:

- **ഇന്ററാക്ടീവുകൾ (Interactive):** ആശയങ്ങൾ പ്രവർത്തിപ്പിച്ചു പഠിക്കാനുള്ള വിഷ്വൽ ലേണിംഗ് മോഡ്യൂളുകൾ.
- **വീഡിയോകൾ (Videos):** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിശദീകരണ വീഡിയോകൾ.
- **ചിത്രങ്ങൾ (Images):** ഉയർന്ന ഗുണനിലവാരമുള്ള ചിത്രങ്ങളും ഡയഗ്രമുകളും.
- **ടോപ്പിക് റിവ്യൂ (Topic Review):** അധ്യായത്തിലെ പ്രധാന ആശയങ്ങളുടെ സംഗ്രഹവും ടേക്ക്-എവേ ചോദ്യങ്ങളും.

മുകളിൽ പറഞ്ഞ ഏതെങ്കിലും ഒരു റിസോഴ്സ് വിഭാഗത്തിൽ (ഉദാഹരണത്തിന്: *Interactive* അല്ലെങ്കിൽ *Images*) ക്ലിക്ക് ചെയ്യുമ്പോൾ, ആ അധ്യായത്തിലെ ആ വിഭാഗത്തിൽപ്പെട്ട മുഴുവൻ വിഭവങ്ങളുടെയും ലിസ്റ്റ് ലഭ്യമാകുന്നു. അധ്യായത്തിലെ ഓരോ പ്രത്യേക ടോപ്പിക്കിനും അനുയോജ്യമായ വിഭവങ്ങൾ മാത്രം വേർതിരിച്ചു കാണാൻ **'Topic-wise Filtration'** സൗകര്യം ഉപയോഗിക്കാം.

ലിസ്റ്റിൽ നിന്ന് ആവശ്യമായ ഒരു ചിത്രത്തിലോ ഇന്ററാക്ടീവിലോ ക്ലിക്ക് ചെയ്യുമ്പോൾ അത് വിൻഡോയിൽ തുറന്നുവരുന്നു.

- **Samagra Canvas ഇന്റഗ്രേഷൻ:** ഇന്ററാക്ടീവുകൾ പോർട്ടലിന്റെ **'Samagra Canvas'**-ൽ തുറക്കാൻ സാധിക്കും. ഇത് ക്ലാസ് മുറികളിൽ ആശയങ്ങൾ കൂടുതൽ കാര്യക്ഷമമായും ആകർഷകമായും വിനിമയം ചെയ്യാൻ അധ്യാപകരെ സഹായിക്കുന്നു.